## 15 -ാം കേരള നിയമസഭ

## 5 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2649** **07-07-2022 - ൽ മറുപടിയ്ക്ക്**

### പ്രകൃതിക്ഷോഭ പുനരധിവാസ പദ്ധതിയിൽ സ്റ്റാമ്പ് ഡ്യൂട്ടി ഇളവ്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എൻ. ജയരാജ് | | ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | പ്രകൃതിക്ഷോഭത്തിൽപ്പെട്ട് വീട് നഷ്ടപ്പെട്ടവർക്ക് സർക്കാർ/തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഏർപ്പെടുത്തിയിട്ടുള്ള പുനരധിവാസ പദ്ധതിയിൽ പുരയിടം അനുവദിക്കുമ്പോൾ സ്റ്റാമ്പ് ഡ്യൂട്ടി, രജിസ്ട്രേഷൻ ഫീ എന്നിവ പൂർണമായും ഒഴിവാക്കാൻ നിയമഭേദഗതി വരുത്താൻ നടപടി സ്വീകരിക്കാമോ; വ്യക്തമാക്കാമോ? | (എ) | പ്രകൃതിക്ഷോഭത്തിൽപ്പെട്ട് വീട് നഷ്ടപ്പെട്ടവർക്ക് സർക്കാർ/തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഏർപ്പെടുത്തിയിട്ടുള്ള പുനരധിവാസ പദ്ധതിയിൽ പുരയിടം അനുവദിക്കുമ്പോൾ സ്റ്റാമ്പ് ഡ്യൂട്ടി, രജിസ്ട്രേഷൻ ഫീ എന്നിവ പൂർണമായും ഒഴിവാക്കാൻ നിയമഭേദഗതികൾ ആവശ്യമില്ല. പൊതുതാൽപര്യമുള്ള വിഷയങ്ങളിൽ, 1959 -ലെ കേരള മുദ്രപത്ര നിയമം വകുപ്പ് 9(1) (എ), 1908 -ലെ രജിസ്ട്രേഷൻ ആക്ട് വകുപ്പ് 78(2) എന്നിവ പ്രകാരമുള്ള അധികാരം വിനിയോഗിച്ച് കൊണ്ട് മന്ത്രിസഭായോഗത്തിന്റെ അംഗീകാരത്തോടെ ഗവൺമെന്റ് ഉത്തരവുകൾ പുറപ്പെടുവിക്കുകയോ, നിലവിലുള്ള ഉത്തരവുകളിൽ ഭേദഗതി വരുത്തുകയോ ചെയ്ത്, SRO ആയി ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയാൽ മതിയാകും. |

സെക്ഷൻ ഓഫീസർ